**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3572** **12-03-2025 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അധ്യായന പരിചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർക്കാർ ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന് അധ്യാപന പരിചയം നിഷ്കർഷിച്ചിരിക്കുന്നത് യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ജി.ഒ.(പി)നം. 41/94/HEDN തീയതി 21.03.1994 വിശേഷാൽ ചട്ടം പ്രകാരം കേരളത്തിലെ സർക്കാർ ബാച്ചിലർ ഓഫ് എഡ്യൂക്കേഷൻ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനമാണ് നടത്തുന്നത്. ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമന രീതിയിലും നിയമനം നടത്തുന്നു. ട്രെയിനിംഗ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്കുള്ള നിയമന രീതിയും യോഗ്യതകളും യു ജി സി റെഗുലേഷൻസിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത മാനദണ്ഡം ഒഴിവാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ ഒഴിവാക്കാൻ ലഭിച്ച അപേക്ഷകൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | കോളേജുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിൽ ഏതൊക്കെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലാണ് ഒഴിവുള്ളതെന്നും പ്രസ്തുത തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | നാല് വർഷ ബിരുദ പാഠ്യപദ്ധതി നടപ്പിലാകുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകരുടെ ജോലി ഭാരം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് വരുകയാണ്, ആയതിൽ തീരുമാനമാകുന്ന മുറക്ക് മാത്രമേ ഓരോ വിഷയങ്ങളിലെയും ആവശ്യമായ തസ്തികകളുടെ എണ്ണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.<br><br>അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിലവിലുള്ള അടിസ്ഥാന യോഗ്യത, ബന്ധപ്പെട്ട വിഷയത്തിൽ പിജി (55% മാർക്ക്) നെറ്റ്/പിഎച്ച്ഡി എന്നതാണ്. |

സെക്ഷൻ ഓഫീസർ